# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

2014 ഡിസംബർ 3, ബുധൻ

നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ

**[ആകെ ചോദ്യങ്ങൾ--30]**

മറുപടി നൽകുന്ന മന്ത്രിമാർ

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
ജലവിഭവ വകുപ്പുമന്ത്രി
തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി
പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി

### ആയുർവ്വേദ മരുന്നു പരീക്ഷണം

*61. ശ്രീ.പി.തിലോത്തമൻ
,, ജി.എസ്.ജയലാൽ
ശ്രീമതി.ഇ.എസ്.ബിജിമോൾ
ശ്രീ.വി.ശശി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർവ്വേദ മരുന്നു പരീക്ഷണത്തിന് അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം സ്ഥാപനങ്ങളിലാണ് രോഗികളെ പരീക്ഷണത്തിന് വിധേയമാക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഏതെല്ലാം മരുന്നു കമ്പനികളാണ് ഇത്തരം പരീക്ഷണത്തിനായി മുന്നോട്ട് വന്നിട്ടുള്ളത്; പേറ്റന്റുള്ള മരുന്നുകൾ ഇത്തരം മരുന്നു പരീക്ഷണങ്ങളിൽ ഉൾപ്പെടുന്നുണ്ടോ;

(സി) ഇത്തരം മരുന്നുകൾ മൃഗങ്ങളിൽ പ്രയോഗിച്ച് ഫലപ്രാപ്തി കണ്ടെത്തിയിട്ടുണ്ടോ;

(ഡി) പല മരുന്നുകളുടെയും ചേരുവകളിൽ വ്യാജ മരുന്നുകൾ ചേരുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയുർവ്വേദ മരുന്നുകളുടെ ഗുണമേന്മയും ഫലപ്രാപ്തിയും കണ്ടെത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണുള്ളതെന്ന് വിശദമാക്കുമോ?

### പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭവനരഹിതർക്ക് ഭൂമി വാങ്ങുന്നതിനുള്ള ധനസഹായം

*62. ശ്രീ.ഐ.സി.ബാലകൃഷ്ണൻ
,, വി.പി.സജീന്ദ്രൻ
,, അൻവർ സാദത്ത്
,, റ്റി.എൻ. പ്രതാപൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭവനരഹിതർക്ക് ഭൂമി വാങ്ങുന്നതിനായി ധനസഹായം നൽകുന്ന പദ്ധതി പ്രകാരം എത്ര രൂപയാണ് ഒരാൾക്ക് നൽകി വരുന്നത്; വിശദമാക്കുമോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് എത്ര രൂപയാണ് നൽകിയിരുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഈ തുക അപര്യാപ്തമാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഉണ്ടെങ്കിൽ എത്ര രൂപയാണ് വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നത്?

<u>അട്ടപ്പാടിയിലെ ശിശുമരണം</u>

*63. ശ്രീ.എം.ചന്ദ്രൻ
,, കോടിയേരി ബാലകൃഷ്ണൻ
,, എം. ഹംസ
,, വി.ചെന്താമരാക്ഷൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എന്തൊക്കെ വീഴ്ചകൾ കൊണ്ടാണ് അട്ടപ്പാടിയിൽ ശിശുമരണം ആവർത്തിക്കുന്നതെന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകാമോ;

(ബി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ അടിയന്തിരമായി സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ അറിയിക്കാമോ?

<u>നോക്കുകൂലി വിമുക്തം</u>

*64. ശ്രീ.സണ്ണി ജോസഫ്
,, എം.പി.വിൻസെൻറ്
,, പി.സി വിഷ്ണുനാഥ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നോക്കുകൂലി വിമുക്തമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ഏതെല്ലാം ജില്ലകളെ നോക്കുകൂലി വിമുക്ത ജില്ലകളായി പ്രഖ്യാപിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത ജില്ലകളിൽ നോക്കുകൂലി പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) അവശേഷിക്കുന്ന ജില്ലകളെ കൂടി നോക്കുകൂലി വിമുക്ത ജില്ലകളാക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

<u>മുല്ലപ്പെരിയാർ ഡാം ജലനിരപ്പ്</u>

*65. ശ്രീ.ചിറ്റയം ഗോപകുമാർ
,, സി.ദിവാകരൻ
,, കെ.അജിത് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ ഡാമിന്റെ ഷട്ടറുകളുടെ അറ്റകുറ്റ പണികൾ പൂർത്തീകരിച്ച ശേഷം മേൽനോട്ട സമിതിയുടെ പൂർണ്ണ നിയന്ത്രണത്തിൽ മാത്രമേ ജലനിരപ്പ് ഉയർത്താൻ പാടുള്ളൂവെന്ന് സുപ്രീം കോടതി നിർദ്ദേശമുണ്ടോ; എങ്കിൽ സുപ്രീംകോടതി നിർദ്ദേശ ലംഘന ത്തിനെതിരെ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) മുല്ലപ്പെരിയാർ ഡാമിൽ ജലനിരപ്പ് ഉയർന്നതിനെ തുടർന്ന് എന്തെല്ലാം സുരക്ഷാ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

<u>മുല്ലപ്പെരിയാറിലെ ജലനിരപ്പ്</u>

*66. ശ്രീ.കോടിയേരി ബാലകൃഷ്ണൻ

,, കെ.കെ.ജയചന്ദ്രൻ

,, എസ്.രാജേന്ദ്രൻ

,, കെ.സുരേഷ് കുറുപ്പ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാറിലെ ജലനിരപ്പ് ഡാമിന്റെ നിലനിൽപ്പിന് ഭീഷണിയാകും വിധം ഉയരുന്ന സാഹചര്യത്തിൽ മേൽനോട്ട സമിതിയുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) മേൽനോട്ട സമിതിയുടെ അദ്ധ്യക്ഷന്റെ പ്രവർത്തനം തമിഴ്നാടിനെ പ്രതിനിധീകരിക്കുന്ന വിധത്തിലാണെന്ന ആക്ഷേപം പരിശോധിച്ചിരുന്നോ;

(സി) ഈ പശ്ചാത്തലത്തിൽ സംസ്ഥാനത്തിന്റെ ആശങ്കകൾ നിഷ്പക്ഷമായി പരിശോധിക്കാൻ പ്രാപ്തമായ ഒരു മേൽനോട്ട സമിതിയെ നിയമിക്കാനായി സ്വീകരിച്ചിട്ടുള്ള നിയമ നടപടികളും ഭരണപരമായ നടപടികളും അറിയിക്കുമോ;

(ഡി) സംസ്ഥാനത്തെ ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണി നേരിടുന്ന മേൽ സാഹചര്യം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നോ ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ അറിയിക്കുമോ ?

<u>കാൻസർ രോഗികൾക്ക് മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിനുള്ള നടപടി</u>

*67. ശ്രീ.റോഷി അഗസ്റ്റിൻ

,, പി.സി. ജോർജ്

,, എം.വി.ശ്രേയാംസ് കുമാർ

ഡോ.എൻ. ജയരാജ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാൻസർ രോഗികളുടെ സംഖ്യ വർദ്ധിച്ചു വരുന്നതായുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നല്കുമോ;

(ബി) കാൻസർ രോഗികളുടെ എണ്ണത്തിൽ വർദ്ധനവ് രേഖപ്പെടുത്തിയ ജില്ലകൾ ഏതെല്ലാമാണ്;

(സി) കാൻസർ രോഗികൾക്ക് മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിന് ഈ സർക്കാരിന്റെ കാലത്ത് എന്തെല്ലാം സൗകര്യങ്ങളാണ് ഇതിനകം ഏർപ്പെടുത്തിയിട്ടുള്ളത്;

(ഡി) സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന രോഗികൾക്ക് അവരുടെ ചികിത്സാ ചെലവുകൾ വഹിക്കുന്നതിന് നിലവിൽ നല്കിവരുന്ന സഹായങ്ങൾ എന്തെല്ലാമാണ്?

<u>എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ</u>

*68. ശ്രീ.വർക്കല കഹാർ

,, അൻവർ സാദത്ത്

,, വി.റ്റി.ബൽറാം

,, ആർ . സെൽവരാജ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ പുതുക്കാൻ എന്തെല്ലാം അവസരങ്ങളാണ് നിലവിലുള്ളത്; വിശദമാക്കുമോ;

(ബി) ഈ സർക്കാറിന്റെ കാലത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ വിവിധ കാരണങ്ങളാൽ രജിസ്ട്രേഷൻ പുതുക്കാൻ കഴിയാതെ സീനിയോറിറ്റി നഷ്ടപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് അവരുടെ സീനിയോറിറ്റി നിലനിർത്തി രജിസ്ട്രേഷൻ പുതുക്കാൻ അനുമതി നൽകിയിട്ടുണ്ടോ;

(സി) ഏത് കാലയളവിലെ രജിസ്ട്രേഷനുകൾക്കാണ് പ്രസ്തുത ആനുകൂല്യം ലഭ്യമാക്കുന്നത്;

(ഡി) പ്രസ്തുത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ

നൽകുമോ?

<u>മിഷൻ **676-**ലെ പട്ടികജാതി ക്ഷേമ പദ്ധതികൾ</u>

*69. ശ്രീ.വി.പി.സജീന്ദ്രൻ

,, ഐ.സി.ബാലകൃഷ്ണൻ

,, തേറമ്പിൽ രാമകൃഷ്ണൻ

,, കെ.ശിവദാസൻ നായർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിഷൻ 676 ൽ ഉൾപ്പെടുത്തി പട്ടികജാതി ക്ഷേമം ഉറപ്പാക്കുന്നതിന് പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം പദ്ധതികളാണ് മിഷൻ വഴി നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) പദ്ധതികളെ സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്?

<u>മരുന്നു വില നിയന്ത്രണ നയം</u>

*70. ശ്രീ.എം.എ.ബേബി

,, കെ.കുഞ്ഞിരാമൻ ഉദുമ

,, പുരുഷൻ കടലുണ്ടി

,, എ.എം. ആരിഫ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മരുന്നുവില നിയന്ത്രണം നീക്കിയതുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രി പ്രധാനമന്ത്രിയെ കണ്ടിരുന്നോ; അവിടെ ഉന്നയിച്ച ആവശ്യങ്ങൾ എന്തൊക്കെയായിരുന്നു; പ്രധാനമന്ത്രിയിൽ നിന്ന് എന്തെങ്കിലും ഉറപ്പ് ലഭിച്ചെങ്കിൽ വ്യക്തമാക്കാമോ;

(ബി) സംസ്ഥാന സർക്കാർ സ്വീകരിച്ച തുടർ നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(സി) മരുന്നു വില നിയന്ത്രണം നീക്കിയ നയം തിരുത്താൻ കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്താൻ തയ്യാറാകുമോ?

<u>അട്ടപ്പാടിയിലെ ശിശു മരണങ്ങളെ കുറിച്ച് യൂണിസെഫ് നടത്തിയ പഠന റിപ്പോർട്ട്</u>

*71. ഡോ.ടി.എം.തോമസ് ഐസക്

ശ്രീ.പി.ശ്രീരാമകൃഷ്ണൻ

ഡോ.കെ.ടി.ജലീൽ

പ്രൊഫ.സി.രവീന്ദ്രനാഥ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിലെ പട്ടികഗോത്രവർഗ്ഗവിഭാഗ ശിശുക്കളുടെ മരണത്തെക്കുറിച്ച് യൂണിസെഫ് നടത്തിയ പഠനറിപ്പോർട്ടിലെ നിർദ്ദേശങ്ങളും ശുപാർശകളും എന്തൊക്കെയാണ്; സർക്കാർ നടപ്പാക്കിയത് എന്തൊക്കെ കാര്യങ്ങളാണ്;

(ബി) ഡോ. ബി. ഇക്ബാലിന്റെ നേതൃത്വത്തിൽ ജനകീയ ആരോഗ്യപ്രവർത്തകർ പഠനം നടത്തി സർക്കാരിന് നൽകിയ റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകളും നിർദ്ദേശങ്ങളും അറിയിക്കാമോ;

(സി) യൂണിസെഫ് വിദഗ്ധരുടെ റിപ്പോർട്ടും ജനകീയ ആരോഗ്യ പ്രവർത്തകരുടെ റിപ്പോർട്ടും അവഗണിച്ച്

പ്രശ്നം പഠിക്കാനായി പുതിയ സമിതിയെ നിയമിച്ചത് പരാജയം മറയ്ക്കാനും അടിയന്തര നടപടികൾ വൈകിക്കാനുമാണെന്ന ആരോപണം പരിശോധിച്ചിട്ടുണ്ടോ?

വിഷാംശമുള്ള പച്ചക്കറികൾ തടയാൻ നടപടി

*72. ശ്രീ.സി.പി.മുഹമ്മദ്

,, കെ.അച്ചുതൻ

,, ജോസഫ് വാഴയ്ക്കൻ

,, വി.ഡി.സതീശൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വിവിധഭാഗങ്ങളിൽ ഉത്പാദിപ്പിക്കുന്നതും, അന്യസംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്നതുമായ പച്ചക്കറികളിൽ മാരകമായ കീടനാശിനികളുടെ അംശം കണ്ടെത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പച്ചക്കറികളിൽ കീടനാശിനിയുടെ അംശം കണ്ടെത്തുന്നതിനും, അത്തരം പച്ചക്കറികൾ വില്പനക്കെത്തിക്കുന്നത് തടയുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്;

(സി) പഴങ്ങൾ രാസവസ്തുക്കൾ ഉപയോഗിച്ച് കൃത്രിമമായി പഴുപ്പിക്കുന്നതിനെതിരെ സ്വീകരിച്ചതുപോലുള്ള നടപടി പച്ചക്കറികളിൽ കീടനാശിനി തളിക്കുന്നതിനെതിരെയും സ്വീകരിക്കുവാൻ തയ്യാറാകുമോ;

(ഡി) കേരളത്തിൽ ക്യാൻസർ, വൃക്കരോഗം എന്നിവ വർദ്ധിച്ചുവരുന്നതിനുള്ള കാരണം ഇത്തരത്തിൽ മാരകമായ വിഷാംശമുള്ള പച്ചക്കറികളുടെ ഉപയോഗം നിമിത്തമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ വിശദാംശം നല്കമോ ?

എല്ലാ പി.എച്ച്.സി. കളിലും ലബോറട്ടറി സംവിധാനം

*73. ശ്രീ.ആർ . സെൽവരാജ്

,, ഡൊമിനിക് പ്രസൻറേഷൻ

,, വി.റ്റി.ബൽറാം

,, എ.പി.അബ്ദുള്ളക്കുട്ടി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ പി.എച്ച്.സി. കളിലും ലബോറട്ടറി സംവിധാനം ലഭ്യമാണോ;

(ബി) ലാബുകൾ ഇല്ലാത്ത എത്ര പി.എച്ച്.സി. കൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ മുഴുവൻ പി.എച്ച്.സി. കളിലും ലാബ് സംവിധാനം നടപ്പിലാക്കുന്ന പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഹോംസ്റ്റേ, വില്ലാ പ്രോജക്ടുകൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങളും സൗകര്യങ്ങളും

*74. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി

,, പി.ഉബൈദുള്ള

,, കെ.എൻ.എ.ഖാദർ

,, സി.മോയിൻ കുട്ടി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കിയ ഹോംസ്റ്റേ, വില്ലാ പ്രോജക്ടുകൾക്ക് സർക്കാരിൽ നിന്നും ലഭ്യമാക്കുന്ന ആനുകൂല്യങ്ങളും സൗകര്യങ്ങളും എന്തെല്ലാമെന്ന് വിശദമാക്കുമോ ;

(ബി) ഇവ ആരംഭിക്കുന്ന സംരംഭകർക്ക് ആവശ്യമായ ലൈസൻസ്, അനുമതിപത്രം എന്നിവ കാലതാമസമില്ലാതെ ലഭ്യമാക്കാൻ വിനോദസഞ്ചാര വകുപ്പ് എന്തൊക്കെ ഉപദേശ സഹായങ്ങൾ നല്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) തദ്ദേശസ്ഥാപനങ്ങൾ, തൊഴിൽവകുപ്പ് എന്നിവ നികുതികളും, ലക്ഷ്വറി ടാക്സുകളും അനാവശ്യമായും അധികമായും ചുമത്തി ഇത്തരം ചെറുകിട സംരംഭകരെ ബുദ്ധിമുട്ടിലാക്കുകയും കടക്കെണിയിലാക്കുകയും ചെയ്യുന്നതുമൂലം, നിയമാനുസൃത സ്ഥാപനങ്ങൾ പലതും പൂട്ടിപ്പോവുകയും പകരം അനധികൃത സ്ഥാപനങ്ങൾ വർദ്ധിച്ചുവരികയും ചെയ്യുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇക്കാര്യത്തിൽ അടിയന്തരപരിഹാരം നടപ്പിലാക്കുമോ ?

<u>ശ്രീ പത്മനാഭ സ്വാമി ക്ഷേത്ര ഭരണം</u>

*75. ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, ഇ.പി.ജയരാജൻ
,, ബി.സത്യൻ
,, പി.കെ.ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീ പത്മനാഭ സ്വാമി ക്ഷേത്ര ഭരണംസർക്കാർ ഏറ്റെടുക്കണമെന്ന 2011ലെ ഹൈക്കോടതി ഉത്തരവ് നടപ്പാക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) ശ്രീ പത്മനാഭ സ്വാമി ക്ഷേത്രത്തിന്റെ ഭരണം ഏറ്റെടുക്കാൻ തയ്യാറാണെന്ന് സുപ്രീംകോടതിയെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ നിലപാട് മാറ്റത്തിന്റെ കാരണം വ്യക്തമാക്കുമോ ; നിർദ്ദിഷ്ട ഭരണ സംവിധാനത്തിൽ ക്ഷേത്ര സ്വത്ത് കൈകാര്യം ചെയ്യുന്നതിനും നിധി സൂക്ഷിക്കുന്നതിനും അവലംബിക്കുന്ന രീതി എന്താണെന്ന് വിശദമാക്കാമോ;

(സി) സർക്കാരും മുൻ രാജകുടുംബവും തമ്മിൽ ഒത്തുകളിക്കുകയാണെന്ന അമിക്കസ് ക്യൂറി റിപ്പോർട്ടിലെ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിരുന്നോ; ഇതിന്മേൽ നിലപാട് വ്യക്തമാക്കുമോ?

<u>ഉൾനാടൻ ജലാശയ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സഞ്ചാരികളുടെ സുരക്ഷ</u>

*76. ശ്രീ.എൻ. ഷംസുദ്ദീൻ
,, പി.കെ.ബഷീർ
,, കെ.മുഹമ്മദുണ്ണി ഹാജി
,, കെ.എം.ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉൾനാടൻ ജലാശയ വിനോദ കേന്ദ്രങ്ങളിൽ സഞ്ചാരികളുടെ സുരക്ഷയും സൗകര്യങ്ങളും ഉറപ്പു വരുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദവിവരം വ്യക്തമാക്കാമോ;

(ബി) ഹൗസ് ബോട്ടുകൾ ഉൾപ്പെടെയുള്ള ജലയാനങ്ങൾ ഉപയോഗപ്പെടുത്തുന്ന വിനോദ സഞ്ചാരികൾ ചൂഷണം ചെയ്യപ്പെടാതിരിക്കാൻ എന്തൊക്കെ മുൻ കരുതലുകൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഈ സീസണിൽ എത്രത്തോളം വിദേശ ടൂറിസ്റ്റുകളെ ഈ മേഖലയിൽ പ്രതീക്ഷിക്കുന്നുണ്ടെന്ന് വിശദമാക്കുമോ?

<u>കേന്ദ്ര സർക്കാരിന്റെ തൊഴിൽ നിയമ പരിഷ്കരണം</u>

*77. ശ്രീ.എളമരം കരീം
,, സി.കൃഷ്ണൻ

,, എം. ഹംസ

,, കെ.കെ.നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലാളികളുടെ കൂട്ടായ വിലപേശൽ ശക്തി ഇല്ലാതാക്കാനും കരാർവൽക്കരണം വ്യാപകമാക്കാനും സ്ത്രീതൊഴിലാളികളെ തൊഴിൽ മേഖലയിൽ നിന്നു പുറന്തള്ളാനും കാരണമായേക്കാവുന്ന തൊഴിൽ നിയമപരിഷ്കരണം കേന്ദ്ര സർക്കാർ പരിഗണിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിലുള്ള പരിഷ്കരണം സംസ്ഥാനത്തെ തൊഴിൽ മേഖലയിൽ എന്ത് പ്രത്യാഘാതമുണ്ടാക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) ഇത്തരം തൊഴിലാളി വിരുദ്ധ നിയമനിർമ്മാണത്തോടുള്ള സംസ്ഥാനത്തിന്റെ നിലപാട് കേന്ദ്ര സർക്കാരിനെ അറിയിക്കാൻ തയ്യാറാകുമോയെന്ന് വിശദമാക്കാമോ?

<u>അട്ടപ്പാടി ഗോത്രവിഭാഗ ശിശുമരണങ്ങൾ</u>

*78. ശ്രീ.ബി.ഡി. ദേവസ്സി

,, എ.കെ.ബാലൻ

ശ്രീമതി.കെ.എസ്.സലീഖ

ശ്രീ.വി.ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം അട്ടപ്പാടി മേഖലയിൽ നടക്കുന്ന ഗോത്രവിഭാഗ ശിശുമരണങ്ങളുടെ കാരണം പഠിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം അറിയിക്കാമോ;

(ബി) പ്രസ്തുത ശിശുമരണങ്ങൾ തടയാനായി ആരോഗ്യ വകുപ്പ് സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(സി) ആരോഗ്യവകുപ്പിന്റെ ഭാഗത്തു വീഴ്ചകൾ ഉണ്ടായതായി വിലയിരുത്തിയിട്ടുണ്ടോ;എങ്കിൽ സ്വീകരിച്ച പരിഹാര നടപടികൾ അറിയിക്കാമോ?

<u>വിനോദ സഞ്ചാരികളുടെ സുരക്ഷ</u>

*79. ശ്രീ.പി.സി. ജോർജ്

,, റോഷി അഗസ്റ്റിൻ

ഡോ.എൻ. ജയരാജ്

ശ്രീ.എം.വി.ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അപകടസാധ്യതയുള്ള ടൂറിസം കേന്ദ്രങ്ങളെ സംബന്ധിച്ച് കൂടുതൽ നിരീക്ഷണം നടത്തിയിട്ടുണ്ടോ;

(ബി) ടൂറിസം മേഖലയിൽ അപകടസാധ്യതയുള്ള സാഹചര്യങ്ങളെക്കുറിച്ച് സഞ്ചാരികളെ ബോധവൽക്കരിക്കുന്നതിന് നിലവിൽ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) വിനോദ സഞ്ചാര മേഖലയുടെയും വിനോദ സഞ്ചാരികളുടെയും പരിപൂർണ്ണ സുരക്ഷ ഉറപ്പ വരുത്തുന്നതിനുള്ള കർമ്മ പരിപാടികൾക്ക് അടിയന്തര നിർദ്ദേശം നൽകുമോ; വിശദമാക്കുമോ?

<u>കുടിവെള്ള പദ്ധതി</u>

*80. ശ്രീ.പി.എ.മാധവൻ

,, കെ.ശിവദാസൻ നായർ

,, ജോസഫ് വാഴയ്ക്കൻ

,, ഡൊമിനിക് പ്രസൻറേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടിവെള്ള ലഭ്യത ഉറപ്പു വരുത്താനും ഗുണനിലവാരം മെച്ചപ്പെടുത്തുവാനും പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും സവിശേഷതകളും എന്തെല്ലാമാണ്;

(സി) ആരെല്ലാമാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ശബരിമല തീർത്ഥാടകരക്ക് വേണ്ട അടിസ്ഥാന സൗകര്യങ്ങൾ</u>

*81. ശ്രീ.സാജു പോൾ

,, രാജു എബ്രഹാം

,, ബാബു എം. പാലിശ്ശേരി

,, കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടകരുടെ സുഗമമായ യാത്രയ്ക്കും ദർശനത്തിനും വേണ്ട അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാനായി ഈ വർഷം ചെയ്ത കാര്യങ്ങൾ എന്തൊക്കെയാണെന്നറിയിക്കാമോ;

(ബി) ക്യൂ കോംപ്ലക്സുകളുടെ വിപുലീകരണം നടത്തിയോ; എങ്കിൽ അതിന്റെ വിശദാംശം അറിയിക്കാമോ;

(സി) ശബരിമലയിലേക്കുള്ള റോഡുകൾ ഗതാഗതയോഗ്യമാക്കണമെന്ന് ഹൈക്കോടതി നിർദ്ദേശിച്ചിരുന്നോ; സർക്കാർ സംവിധാനം പരാജയപ്പെട്ടിട്ടുണ്ടോ ; കാരണം വിലയിരുത്തിയോ;

(ഡി) റോഡു നിർമ്മാണത്തിലെ നിലവാരമില്ലായ്മയാണ് വർഷാവർഷം വൻതുക റോഡു നന്നാക്കാനായി ചെലവിടേണ്ടി വരുന്നതിനു കാരണമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; ഇത്തരം കരാറുകാരിൽ നിന്ന് ഖജനാവിന് വരുന്ന നഷ്ടം ഈടാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ

<u>കായലുകൾ തടാകങ്ങൾ ചിറകൾ എന്നിവയുടെ സംരക്ഷണം</u>

*82. ശ്രീ.കെ.എം.ഷാജി

,, എം.ഉമ്മർ

,, കെ.മുഹമ്മദുണ്ണി ഹാജി

,, പി.ബി. അബ്ദുൾ റസാക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന രൂപീകരണശേഷം സംസ്ഥാനത്തെ കായലുകൾ, തടാകങ്ങൾ, ചിറകൾ എന്നിവയുടെ വിസ്തൃതിയിൽ ഉണ്ടായ കുറവ് എത്രത്തോളമാണെന്ന് കണ്ടെത്താൻ ഏതെങ്കിലും വിധത്തിലുള്ള പരിശോധനകൾ നടന്നിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) 1924-ലെ സർവ്വേ ഓഫ് ഇൻഡ്യ പ്രകാരമുള്ള കണക്കിന്റെ അടിസ്ഥാനത്തിൽ, വിസ്തൃതിയിൽ എത്രത്തോളം കുറവുണ്ടായിട്ടുണ്ടെന്നും, ശതമാനക്കണക്ക് എത്രയാണെന്നും വ്യക്തമാക്കുമോ;

(സി) അനധികൃത കൈയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനും, അതിരുകൾ ജൈവവേലി തീർത്ത് സുരക്ഷിതമാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

<u>കരൾമാറ്റ ശസ്ത്രക്രിയ</u>

*83. ശ്രീ.എം.പി.വിൻസെൻറ്

,, പി.സി വിഷ്ണുനാഥ്

,, ഷാഫി പറമ്പിൽ

,, ലൂഡി ലൂയിസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ കരൾമാറ്റ ശസ്ത്രക്രിയ ആരംഭിക്കുന്നുണ്ടോ;

(ബി) ഏതെല്ലാം മെഡിക്കൽ കോളേജുകളിലാണ് കരൾമാറ്റ ശസ്ത്രക്രിയ ചെയ്യുവാൻ സൗകര്യമുള്ളത്;

(സി) സംസ്ഥാനത്ത് എത്ര രോഗികൾ കരൾമാറ്റ ശസ്ത്രക്രിയക്കായി രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ഡി) കരൾമാറ്റ ശസ്ത്രക്രിയ എല്ലാ മെഡിക്കൽ കോളേജുകളിലും ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

<u>മുല്ലപ്പെരിയാർ മേൽനോട്ടസമിതിയുടെ ചുമതലകൾ</u>

*84. ശ്രീ.എസ്.രാജേന്ദ്രൻ

,, എം.എ.ബേബി

,, ഇ.പി.ജയരാജൻ

,, ജി.സുധാകരൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുപ്രീംകോടതി നിർദ്ദേശപ്രകാരം നിയമിച്ച മുല്ലപ്പെരിയാർ മേൽനോട്ട സമിതിയുടെ ചുമതലകൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത സമിതി അതിന്റെ ചുമതലകൾ നിഷ്പക്ഷമായാണോ നിർവ്വഹിക്കുന്നതെന്നകാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) സമിതി ഏകപക്ഷീയമായി പ്രവർത്തിക്കുമ്പോഴും ബന്ധപ്പെട്ട അധികാര കേന്ദ്രങ്ങൾ പുലർത്തുന്നതായി പറയപ്പെടുന്ന നിസ്സംഗത സംസ്ഥാന താൽപര്യം ഹനിക്കാനിടയാക്കിയെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;

(ഡി) ജനങ്ങളുടെ ആശങ്ക അകറ്റാനും സുരക്ഷിതത്വം ഉറപ്പാക്കാനും സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

<u>ആശുപത്രികളിലെ മരുന്നു ക്ഷാമം</u>

*85. ശ്രീ.സി.ദിവാകരൻ

ശ്രീമതി.ഗീതാ ഗോപി

ശ്രീ.ജി.എസ്.ജയലാൽ

,, മുല്ലക്കര രത്നാകരൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ കോളേജ് മുതൽ പ്രാഥമികാരോഗ്യ കേന്ദ്രം വരെയുള്ള ആശുപത്രികളിൽ മരുന്നു ക്ഷാമം നേരിട്ടുകൊണ്ടിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ആശുപത്രികളിൽ ഗുണനിലവാരം ഉറപ്പാക്കാതെ മരുന്നുകൾ വിതരണം ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തുകൊണ്ടാണ് ഇപ്രകാരം സംഭവിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) യഥാസമയം വിതരണം ചെയ്യാത്തതു മൂലം കോടിക്കണക്കിന് രൂപയുടെ മരുന്നുകൾ നശിപ്പിക്കേണ്ടി വന്നിട്ടുണ്ടോ;വിശദമാക്കുമോ?

<u>അവശ്യ മരുന്നുകളുടെ വില നിയന്ത്രണം</u>

*86. ശ്രീ.ഇ.കെ.വിജയൻ

,, വി.എസ്.സുനിൽ കുമാർ

,, കെ.രാജു

,, വി.ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അവശ്യ മരുന്നുകളുടെ വില നിയന്ത്രിക്കാനുള്ള നാഷണൽ അതോറിറ്റിയുടെ പ്രത്യേക അധികാരം കേന്ദ്ര സർക്കാർ എടുത്തു കളഞ്ഞതു മൂലമുണ്ടായിട്ടുള്ള സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ;

(ബി) മരുന്നുകൾക്ക് കൃത്രിമക്ഷാമം സൃഷ്ടിച്ച് അമിതവില ഈടാക്കി രോഗികളെ ചൂഷണം ചെയ്യാനുള്ള നീക്കങ്ങൾക്കെതിരെ എന്തെല്ലാം മുൻകരുതൽ നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) രോഗികൾക്ക് കുറഞ്ഞ നിരക്കിൽ മരുന്നുകൾ എത്തിച്ചു കൊടുക്കുന്നതിനുള്ള എന്തെങ്കിലും സംവിധാനങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോ ;വിശദമാക്കുമോ?

<u>അട്ടപ്പാടിയിലെ ശിശുമരണം</u>

*87. ശ്രീമതി.കെ.എസ്.സലീഖ

ശ്രീ.കെ.രാധാകൃഷ്ണൻ

,, കെ.വി.വിജയദാസ്

,, കെ.വി.അബ്ദുൽ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിൽ വർദ്ധിച്ച തോതിൽ പട്ടിക ഗോത്രവർഗ്ഗ ശിശുമരണം തുടരുന്നതിന്റെ കാരണം വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ ആയത് വിശദമാക്കുമോ ;

(ബി) ആരോഗ്യ വകുപ്പിന്റെ പ്രവർത്തനം നിഷ്ഫലമായിട്ടുണ്ടോ; കാരണങ്ങൾ അറിയിക്കുമോ ;

(സി) എന്തൊക്കെ അടിയന്തര / ഹ്രസ്വകാല / ദീർഘകാല പരിപാടികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ;

(ഡി) മേൽ പശ്ചാത്തലത്തിൽ പ്രസ്തുത പരിപാടികളുടെ മേൽനോട്ടം മന്ത്രിതല സമിതിയെ ഏല്പിക്കാൻ തയ്യാറാകുമോ ; വിശദാംശം ലഭ്യമാക്കുമോ ?

<u>ശബരിമല തീർത്ഥാടകർക്ക് ഒരുക്കിയിരിക്കുന്ന സൗകര്യങ്ങൾ</u>

*88. ശ്രീ.മോൻസ് ജോസഫ്

,, സി.എഫ്.തോമസ്

,, തോമസ് ഉണ്ണിയാടൻ

,, റ്റി.യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടകർക്ക് ഒരുക്കിയിരിക്കുന്ന സൗകര്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ശബരിമല തീർത്ഥാടകർ അപകടത്തിൽപ്പെടുന്നത് ഒഴിവാക്കാൻ ആവശ്യമായ സൈൻ ബോർഡുകൾ സ്ഥാപിക്കുക, വാഹനപരിശോധന കർശനമാക്കുക , പോലീസിന്റെ സേവനങ്ങൾ എന്നിവയ്ക്കായി കൂടുതൽ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(സി) തീർത്ഥാടകർക്ക് ആരോഗ്യ സേവനങ്ങളും , ഇടത്താവളങ്ങളിൽ കൂടുതൽ സൗകര്യങ്ങളും നൽകുന്നതിന് നടപടികൾ ഉണ്ടാകുമോ?

<u>ബയോമെഡിക്കൽ വേസ്റ്റിന്റെ കാര്യക്ഷമമായ വികേന്ദ്രീകൃത ട്രീറ്റ്മെന്റ്</u>

*89. ശ്രീ. എൻ .എ.നെല്ലിക്കുന്ന്

,, റ്റി.എ.അഹമ്മദ് കബീർ

,, വി.എം.ഉമ്മർ മാസ്റ്റർ

,, സി.മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബയോമെഡിക്കൽ വേസ്റ്റിന്റെ കാര്യക്ഷമമായ വികേന്ദ്രീകൃത ട്രീറ്റ്മെന്റ് സംബന്ധിച്ച് കൊച്ചി സർവ്വകലാശാലയിലെ ശാസ്ത്രജ്ഞർ ആവിഷ്കരിച്ച പുതിയ പദ്ധതിയുടെ വിശദാംശം ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത സംവിധാനം എവിടെയെങ്കിലും പരീക്ഷിച്ചു നോക്കിയതായി അറിവുണ്ടോ ; എങ്കിൽ ഫലമെന്താണെന്ന് വെളിപ്പെടുത്തുമോ ;

(ഡി) പ്രസ്തുത ടെക്നോളജി ഫലപ്രദമാണെങ്കിൽ സംസ്ഥാനത്ത് ഒട്ടാകെ നടപ്പാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

<u>ടൂറിസം മേഖലയിലെ കേന്ദ്രാവിഷ്കൃത പദ്ധതികൾ</u>

*90. ശ്രീ.കെ.കുഞ്ഞിരാമൻ ഉദുമ

,, കെ.കുഞ്ഞമ്മത് മാസ്റ്റർ

,, പുരുഷൻ കടലുണ്ടി

,, എം.ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം മേഖലയിൽ അനുവദിച്ച കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിശദാംശം അറിയിക്കാമോ;

(ബി) ഈ പദ്ധതികളുടെ പുരോഗതി വിശദമാക്കുമോ;

(സി) പദ്ധതി നടത്തിപ്പിലെ അലംഭാവം കേന്ദ്ര പദ്ധതികൾ നഷ്ടപ്പെടാനും ലഭിച്ച തുക തിരിച്ചു നൽകാനും ഇടയാക്കുമെന്നതിനെക്കുറിച്ച് പരിശോധന നടത്തിയിരുന്നോ; വിശദാംശം ലഭ്യമാക്കാമോ;

(ഡി) കേന്ദ്ര സർക്കാർ അനുവദിച്ച ഏതെങ്കിലും ടൂറിസം പദ്ധതി തുക തിരികെ നൽകേണ്ടതായി വന്നിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി.ഡി.ശാരംഗധരൻ,

തിരുവനന്തപുരം, സെക്രട്ടറി.

25-11-2014

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].